പ്പുമന്ത്രി ശ്രീ. ടി.എച്ച്. മുസ്തഫ എന്നിവർക്കും മറ്റുമെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ വിദേശ യാത്ര

26(1494) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഈ വിദേശയാത്രയ്ക്കു വേണ്ടി ഓരോരുത്തരും ടി.എ., ഡി.എ. എന്റർടെയിൻമെന്റ് അവലൻസ്, മറ്റലവൻസുകൾ എന്നീയിനങ്ങളിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(സി) ഇതിനായി ഓരോരുത്തർക്കും അനുവദിച്ച വിദേശ നാണ്യം എത്രയായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളോടു കൂടിയാണ് അവർ വിദേശ യാത്ര നടത്തിയത്;

(ഇ) ഈ വിദേശയാത്രയുടെ ഫലമായി ഗവൺമെന്റിനും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിനും എന്തു നേട്ടങ്ങളുണ്ടായി എന്ന് വിശദീകരി ക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് അന്വേഷണം

27(1495) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ ഇപ്പോൾ വിജിലൻസ് അന്വേഷണം നിലനിൽക്കുന്നുണ്ട്;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് നടന്ന അഴിമതി കേസുകളിൽ പ്രതിയായിട്ടുള്ള എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുണ്ട്; അവർ ആരെല്ലാ മെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 (പത്ത്) ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കും മൂന്ന് ഐ.പി. എസ്. ഉദ്യോഗസ്ഥന്മാർക്കുമെതിരെ അന്വേഷണം നിലനിൽക്കുന്നത്

(ബി) ഒമ്പത് ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ട്.

1. ശ്രീ. ആർ. രാമചന്ദ്രൻ നായർ, ഐ.എ.എസ്. (റിട്ടയേർഡ്)
2. ശ്രീ. പി. കെ. മൊഹന്തി, ഐ.എ.സ്.
3. ശ്രീ. എസ്. പത്മകുമാർ, ഐ.എ.എസ്. (റിട്ടയേർഡ്)

LIBRARY ARCHIVES Kerala Legislative Assembly